Downloaded From: http://www.dhyeyaias.com

CS (MAIN) Exam : 2017

STH–C–MLY

# മലയാളം / MALAYALAM

## (നിർബന്ധിതം) / (COMPULSORY)

സമയം : മൂന്ന് മണിക്കൂർ
Time Allowed : Three Hours

പരമാവധി മാർക്ക് : 300
Maximum Marks : 300

---

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

ഓരോ ചോദ്യത്തിനുമുള്ള മാർക്കുകൾ അതാതു് ചോദ്യത്തിനെതിരെ കൊടുത്തിട്ടുണ്ടു്.

ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം **മലയാളത്തിൽ** (മലയാളം ലിപിയിൽ) തന്നെ എഴുതണം.

ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനു നിശ്ചയിച്ചിട്ടുള്ള വാക്കുകളുടെ എണ്ണം പാലിക്കണം. നിശ്ചയിച്ചിട്ടുള്ള എണ്ണത്തിനേക്കാൾ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു് കുറയ്ക്കുന്നതായിരിക്കും.

ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ ഏതെങ്കിലും പേജോ ഭാഗമോ വിടുകയാണെങ്കിൽ അവ വ്യക്തമായി വെട്ടിക്കളഞ്ഞിരിക്കണം.

### QUESTION PAPER SPECIFIC INSTRUCTIONS

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in* ***MALAYALAM*** *(Malayalam Script) unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---



Downloaded From: http://www.dhyeyaias.com

Downloaded From: http://www.dhyeyaias.com

**Q1. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഉപന്യസിക്കുക :** *100*

(a) സാങ്കേതികവിദ്യയുടെ അമിതോപയോഗം വരുത്തുന്ന അപകടങ്ങൾ

(b) മതനിരപേക്ഷതയാണ് ജനാധിപത്യത്തിന്റെ ശക്തി

(c) നോട്ടുനിരോധനം ഇന്ത്യൻ സാമ്പത്തികമേഖലയിൽ ദീർഘകാലാടിസ്ഥാനത്തിൽ വരുത്തുന്ന ഗുണപരമായ മാറ്റങ്ങൾ

(d) പാശ്ചാത്യനാടുകൾക്കു് ആയുർവേദത്തോടുള്ള ആകർഷണം

**Q2. താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം ശ്രദ്ധയോടെ വായിച്ച് തുടർന്നു കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് വ്യക്തവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :** *12×5=60*

മനസ്സിനുവേണ്ട ഏറ്റവും നല്ല ആഹാരമാണു് ഗ്രന്ഥങ്ങൾ. ഇന്നേവരെ മനുഷ്യസമൂഹം ആലോചിച്ചവയും, ചെയ്തവയും, കണ്ടെത്തിയവയും ഗ്രന്ഥങ്ങളിൽ സംഭരിച്ചിരിക്കുന്നു എന്ന് ഒരു ചിന്തകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യനാഗരികതയുടെയും സംസ്കാരത്തിന്റെയും വളർച്ചയ്ക്കും വികാസത്തിനും ഗ്രന്ഥങ്ങളാണു് കാരണമായിട്ടുള്ളതു്. ഗ്രന്ഥങ്ങളുടെ പ്രാധാന്യവും മൂല്യവും അനന്വയമാണു്. ഗ്രന്ഥങ്ങൾ മനുഷ്യന്റെ ആന്തരിക ആത്മസത്തയെ പ്രകാശമാനമാക്കുന്നു. നല്ല ഗ്രന്ഥങ്ങൾ മനുഷ്യനെ കാടത്തത്തിൽനിന്നു് ഈശ്വരതയിലേക്കു നയിക്കുന്നു. അവനിലെ ധർമ്മബോധത്തെ ഉണർത്തി സഹജീവികളെക്കുറിച്ചും സമൂഹത്തെക്കുറിച്ചും രാജ്യത്തെക്കുറിച്ചുമുള്ള ചിന്തയിൽ അവനെ കൊണ്ടെത്തിക്കുന്നു. ഗ്രന്ഥങ്ങൾ നമ്മെ പ്രചോദിപ്പിക്കുന്നു. അവ നമ്മുടെ മനസ്സിൽ ശാശ്വതമായ ഒരു സ്വാധീനം അവശേഷിപ്പിക്കുന്നു.



Downloaded From: http://www.dhyeyaias.com

Downloaded From: http://www.dhyeyaias.com

ഗ്രന്ഥങ്ങൾ മനുഷ്യന് മാനസോല്ലാസം കൊടുക്കുന്നു. അതിരുകവിഞ്ഞ ജീവിതാസ്വാദനം എന്നല്ല കൂടുതൽ ഗാഢമായ ഒന്ന് എന്നാണ് മാനസോല്ലാസം എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. വായനക്കാരുടെ മനസ്സിനെ അഗാധമായി സ്പർശിക്കുകയും ഹൃദയത്തെ ചലിപ്പിക്കുകയും ചെയ്യുന്ന, മനസ്സിനു സുഖം നൽകുന്ന ഗ്രന്ഥങ്ങളെയാണ് യഥാർത്ഥത്തിൽ ഇവിടെ മാനസോല്ലാസകൃതികളായി വിവക്ഷിച്ചിട്ടുള്ളത്. വായനക്കാരുടെ മനസ്സിനെ ആമഗ്നമാക്കാൻ കഴിവുള്ള ഗ്രന്ഥങ്ങളാണ് ആഹ്ലാദകം എന്ന ഗണത്തിൽ പെടുന്നത്. ഈ നിലയിൽ സാഹിത്യകൃതിൾക്ക് പ്രാധാന്യം ഏറും. മനുഷ്യമനസ്സിലെ സമ്മർദ്ദങ്ങൾ വലിയതോതിൽ ലഘൂകരിക്കാനും അവനിലെ നിർജ്ജീവമായിക്കൊണ്ടിരിക്കുന്ന ചൈതന്യത്തെ ഉണർത്തിവിടാനും സാഹിത്യകൃതികൾ സഹായിക്കും.

നല്ല ഗ്രന്ഥങ്ങൾ വിജ്ഞാനവും മാനസോല്ലാസവും മനുഷ്യനു പ്രദാനം ചെയ്യുന്നു. ശാസ്ത്രം, വാണിജ്യം, കല, നിയമം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ മനുഷ്യന് കൂടുതൽ കൂടുതൽ അറിവു നേടിത്തരുന്നു. അത്തരം ഗ്രന്ഥങ്ങൾ വായിക്കുന്നതിലൂടെ മനുഷ്യൻ അവന്റെ ആത്മബലം തിരിച്ചറിയുന്നു. സത്യം ഇതാണ്, ഗ്രന്ഥങ്ങൾ നമ്മുടെ യഥാർത്ഥ മാർഗ്ഗദർശികൾ ആണ്. അവ പുതിയ മേഖലകളെക്കുറിച്ചുള്ള വിജ്ഞാനം പ്രദാനം ചെയ്യുകയും ദുർഗ്രഹമായ ആ മേഖലകളിൽ ചുഴിഞ്ഞിറങ്ങാൻ നമ്മെ സജ്ജരാക്കുകയും ചെയ്യുന്നു. മാത്രവുമല്ല ചിന്തിക്കാനും പ്രതികരിക്കാനുമുള്ള പ്രചോദനം നൽകുകയും ചെയ്യുന്നു. വിഷമഘട്ടങ്ങളിൽ പരിഹാരം കാണാനുള്ള ശക്തിയും അവ തരുന്നു. ഗാന്ധിജി 'ഗീത'യെ മാതാവെന്നു നാമകരണം ചെയ്തിട്ടുണ്ട്. താൻ നേരിട്ട ഒരോ വിഷമഘട്ടത്തിലും അദ്ദേഹത്തിനു മാർഗ്ഗദർശകമായത് ഈ ഗ്രന്ഥമാണ്. ഗ്രന്ഥങ്ങൾ വളരെ പ്രത്യേകതകളുള്ള വഴികാട്ടികളാണ്. അവ നമ്മെ ഒരിക്കലും ശിക്ഷിക്കുകയില്ല. ഒരിക്കലും അവ നമ്മോടു കോപിക്കുകയില്ല. പ്രതിഫലമായി ഒന്നും നമ്മോട് ആവശ്യപ്പെടുകയുമില്ല. അതേസമയം അനശ്വരതയുടെ സത്ത കൈമാറുന്ന കാര്യത്തിൽ അവയ്ക്ക് അല്പംപോലും പിഴവ് സംഭവിക്കുകയുമില്ല.



Downloaded From: http://www.dhyeyaias.com

Downloaded From: http://www.dhyeyaias.com

ഗ്രന്ഥങ്ങൾ മനസ്സിനു് സന്തോഷവും ശാന്തിയും നൽകുന്നു. ഗ്രന്ഥങ്ങളെ സ്നേഹിക്കുന്നവനാണു് ഏറ്റവും അനുഗ്രഹീതൻ. അവനു് ഒരിക്കലും ശൂന്യതാബോധം ഉണ്ടാവുകയില്ല. ഗ്രന്ഥങ്ങളെ നമുക്കു പൂർണ്ണമായും വിശ്വസിക്കാം.

ആശയങ്ങൾ തമ്മിലുള്ള യുദ്ധത്തിൽ ഗ്രന്ഥങ്ങൾ മാത്രമാണു് നമുക്കു് ആയുധമായിട്ടുള്ളതു്. ഒരു ഗ്രന്ഥത്തിലുള്ള ആശയങ്ങൾക്കു് ഒരു സമൂഹത്തെ മുഴുവൻ പരിവർത്തനപ്പെടുത്താനുള്ള ശക്തിയുണ്ടു്. ആശയങ്ങളുടെ ലോകമാണു് ഇന്നത്തേതു്. ഒരു സമൂഹത്തിൽ സംഭവിക്കുന്ന എല്ലാ വിപ്ലവങ്ങളും ഏതെങ്കിലും ഒരു പ്രത്യയശാസ്ത്രത്തിൽ നിന്നാണു് ഉണ്ടായിട്ടുള്ളതു്. ശ്രേഷ്ഠ ഗ്രന്ഥങ്ങൾ വ്യക്തികളുടെ ചേതനയെ തട്ടിയുണർത്തുകയും ജനതയുടെ ബോധം ജാഗ്രത്തായി നിർത്തുകയും ചെയ്യും. ഗ്രന്ഥങ്ങൾ വായിക്കുന്നതിലൂടെ മനുഷ്യന്റെ വീക്ഷണം വികസിതമാകുന്നു; അവന്റെ ബോധത്തിലേക്കു് ഉന്നതമായ വിചാരങ്ങൾ വരുകയും ചെയ്യുന്നു.

മുൻ തലമുറകൾ സമാർജ്ജിച്ച വിജ്ഞാനത്തിന്റെ അനശ്വര നിധിയാണു് ഗ്രന്ഥങ്ങൾ. അതു് വരും തലമുറകൾക്കു് കുറ്റമറ്റ രീതിയിൽ കൈമാറുന്നു. ഗ്രന്ഥങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്ന വിജ്ഞാനത്തെ ഇല്ലായ്മചെയ്യാൻ ആർക്കും ആവില്ല. ചുരുക്കത്തിൽ ഗ്രന്ഥങ്ങൾ അത്യന്തം മൂല്യവത്താണു്.

**ചോദ്യങ്ങൾ :**

(a) എന്തുകൊണ്ടാണു് ഗ്രന്ഥങ്ങൾ മൂല്യവത്താണു് എന്നു പറയുന്നതു് ? *12*

(b) മാനസോല്ലാസം എന്നതിനു് കൂടുതൽ ഗാഢമായ അർത്ഥമുണ്ടെന്നു പറയുന്നതിലൂടെ തൽക്കർത്താവു് എന്തു് അർത്ഥമാക്കുന്നു ? *12*

(c) ഗ്രന്ഥങ്ങൾ നമ്മുടെ യഥാർത്ഥ വഴികാട്ടികളാണു് എന്നു പറയുന്നതു് എന്തുകൊണ്ടു് ? *12*

(d) സമൂഹത്തിൽ പുതിയ ഉണർവുണ്ടാക്കാൻ ഗ്രന്ഥങ്ങൾ എങ്ങനെ സഹായിക്കുന്നു ? *12*

(e) എന്തുകൊണ്ടാണു് ഗാന്ധിജി 'ഗീത' അമ്മയാണു് എന്നു പറഞ്ഞതു് ? *12*



Downloaded From: http://www.dhyeyaias.com

Downloaded From: http://www.dhyeyaias.com

**Q3. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംക്ഷേപിക്കുക. തലക്കെട്ടു നൽകേണ്ടതില്ല. സംക്ഷേപം നിങ്ങളുടെ സ്വന്തം വാക്കുകളിൽ ആയിരിക്കണം.** *60*

കഠിനമായി അധ്വാനിക്കുക എന്നതാണ് ലോകത്തിൽ വിജയം നേടാനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം. കഠിനാധ്വാനംകൊണ്ട് നമ്മുടെ ഏതു് ആഗ്രഹവും പൂർത്തീകരിക്കാനാവും. ലോകം എന്നതു് കർമ്മങ്ങളുടെ ഒരു ആവൃത്തിയാണ്. കർമ്മങ്ങൾ നന്നായി അനുഷ്ഠിക്കുക എന്നതാണ് നമ്മുടെ കർത്തവ്യം. കഠിനാധ്വാനത്തിലൂടെ മാത്രമേ നമുക്കു വിജയം കൈവരിക്കാനാവൂ.

കഠിനാധ്വാനം ജീവിതത്തെ ചലനാത്മകമാക്കുന്നു. നാം അധ്വാനത്തോടു വൈമുഖ്യം കാണിച്ചാൽ ജീവിതത്തിന്റെ ചലനം ഇല്ലാതാവും. അലസത നമ്മെ വലയംചെയ്യും. അതിന്റെ പരിധി മറികടക്കാൻ നാം വളരെയേറെ കഷ്ടപ്പെടേണ്ടിവരും. എന്നാൽ കഠിനാധ്വാനിയ്ക്കാവട്ടെ എല്ലാ പ്രതിബന്ധങ്ങളേയും തകർത്തു് ധൈര്യപൂർവ്വം മുന്നേറാനും ബഹുമുഖമായ വിജയം നേടിയെടുക്കാനും കഴിയുന്നു.

കഠിനാധ്വാനിയായ ഒരാൾ വിധിയിൽ അഭയം പ്രാപിക്കാറില്ല. മറിച്ച് അയാൾ കഷ്ടപ്പെട്ടു പണിയെടുത്തു് മുന്നേറുന്നു. കഠിനമായി അധ്വാനിച്ചിട്ടും ലക്ഷ്യം നേടാനായില്ല എന്നു വന്നാലും അയാൾ നിരാശനാവില്ല. തന്റെ പ്രവൃത്തികളിൽ സംഭവിച്ച പിഴവുകളിലെ കാരണങ്ങൾ കണ്ടെത്തി, അതു് ആവർത്തിക്കാതിരിക്കാൻ അയാൾ ശ്രദ്ധിക്കും. മറ്റൊരുവാക്കിൽ പറഞ്ഞാൽ തന്റെ കുറവുകളെ അതിലംഘിക്കാൻ അയാൾ പ്രയത്നിച്ചുകൊണ്ടേയിരിക്കും. അങ്ങനെ അയാൾ വിജയത്തിൽ എത്തിച്ചേരും.

ഈ ലോകത്തു് ഓരോ ചുവടുവയ്പിലും മല്ലിട്ടുകൊണ്ടാണ് നാം മുന്നോട്ടുപോകുന്നതു്. നമ്മുടെ പാത നാം തന്നെ സുഗമമാക്കേണ്ടിവരുന്നു. നാം എത്രതന്നെ ശക്തനും സമർത്ഥനും ആയിരുന്നാലും കഠിനാധ്വാനം



Downloaded From: http://www.dhyeyaias.com

Downloaded From: http://www.dhyeyaias.com

ചെയ്യാനായില്ലെങ്കിൽ നമുക്കു് വിജയത്തിൽ എത്തിച്ചേരാനാവില്ല. ഏതു മഹാന്റെ വിജയത്തിന്റെ പിറകിലും അധ്വാനത്തിന്റെയും ശക്തിയുടെയും പ്രേരണ കുടികൊള്ളുന്നു.

നമ്മുടെ സമൂഹത്തിലെ അധികംപേരും വിധിയിൽ വിശ്വസിക്കുന്നവരാണു്. പല കാര്യത്തിലും അവർക്കു് ഉറച്ച തീരുമാനവുമുണ്ടു്. അത്തരക്കാർ പലപ്പോഴും സമൂഹത്തിന്റെ പുരോഗതിക്കു് തടസ്സം സൃഷ്ടിക്കുന്നു. ഇത്തരം വിധിവിശ്വാസികളിൽ ആരുംതന്നെ ലോകത്തു് മഹത്തായ കാര്യങ്ങൾ ചെയ്തിട്ടില്ല. എല്ലാ വലിയ കണ്ടുപിടുത്തങ്ങളും കണ്ടെത്തലുകളും സൃഷ്ടികളും കഠിനമായി അധ്വാനിച്ചതുകൊണ്ടുമാത്രം ഉണ്ടായവയാണു്. നമ്മുടെ വിഭവശേഷിയും, കഴിവുകളും വിജയപഥത്തിലേക്കു നയിക്കുന്ന രാസത്വരകങ്ങൾ മാത്രമാണു്. എന്നാൽ കഠിനാധ്വാനത്തിലൂടെ മാത്രമേ നമുക്കു് ലക്ഷ്യത്തിൽ എത്തിച്ചേരാനാവൂ.

നാം പ്രശസ്തിയും ഐശ്വര്യവും നേടിയെടുക്കുന്നതു് കഠിനാധ്വാനത്തിലൂടെ മാത്രമാണു്. നമ്മുടെ കർമ്മങ്ങൾ നല്ല രീതിയിൽ ചെയ്യുമ്പോൾ നമ്മുടെ മനസ്സിൽ അഗാധസ്പർശിയായ ഒരു സംതൃപ്തി അനുഭവപ്പെടുന്നു. ആത്മാവിലെ പാപങ്ങൾ മുഴുവൻ ഇല്ലാതായി ശുദ്ധീകരണത്തിലൂടെ നാം ആത്മസംതൃപ്തി അനുഭവിക്കുന്നു. കഠിനാധ്വാനിക്കു് ഒരു ആചാരവും പ്രധാനമല്ല. കർമ്മങ്ങളിലൂടെ മുന്നേറുക എന്നതാണു് അയാളുടെ ലക്ഷ്യം. ഒരു ദിവസത്തെ കഠിനാധ്വാനത്തിനു ശേഷം കർഷകൻ സന്ധ്യാസമയത്തു് സ്വന്തം കുടിലിൽ ഇരുന്നു് സന്തോഷത്തോടെ നാടൻപാട്ടു പാടുമ്പോൾ അയാളുടെ ശബ്ദം അഭൗമമായ സംഗീതം ഉണർത്തുന്നു.

കായികാധ്വാനം സംതൃപ്തി തരുന്നു. അതു് ശരീരത്തെ ആരോഗ്യമുള്ളതാക്കുന്നു. ഇന്നു് മനുഷ്യർ പലതരം രോഗങ്ങളുടെയും അടിമകളായി മാറിയിരിക്കുന്നു. ശാരീരികാധ്വാനം ഇല്ലാത്തതാണു് അതിനുള്ള



Downloaded From: http://www.dhyeyaias.com

Downloaded From: http://www.dhyeyaias.com

പ്രധാന കാരണം. ഏതൊരാൾക്കും അവശ്യം വേണ്ടതാണ് ശാരീരികാധ്വാനം. അധ്വാനിക്കുന്ന ആളുകൾ ദീർഘകാലം ജീവിച്ചിരിക്കും എന്നതു് എടുത്തുപറയേണ്ട കാര്യമാണ്. ആരോഗ്യപൂർണ്ണമായ ശരീരത്തിലേ ആരോഗ്യപൂർണ്ണമായ ഒരു മനസ്സുണ്ടാകു എന്നു പറയാറുണ്ട്. ആരോഗ്യവാനായ ഒരാൾക്കു് ഏറെ ഗൗരവമുള്ള വസ്തുതകളെയും നേരിടാൻ പ്രയാസമില്ല. പ്രതിസന്ധിഘട്ടങ്ങളിൽ അയാൾ വികാരവിവശൻ ആകുന്നില്ല. മറിച്ച് അതിനെ മനസ്സാന്നിധ്യത്തോടെ നേരിടാൻ ധൈര്യം കാണിക്കുന്നു. ഏതു പ്രശ്നത്തിനും പരിഹാരം കാണാൻ അയാൾക്കു കഴിയും. മനോവൃത്തിയുടെ പ്രാധാന്യം കാണിച്ചുതരാൻ നമ്മുടെ ഋഷിമാർക്കു കഴിഞ്ഞിട്ടുണ്ട്. ധ്യാനത്തിലൂടെ അവർ ജനനന്മയ്ക്കുവേണ്ടി പ്രവർത്തിച്ചു.

കഠിനാധ്വാനത്തിനു് മറ്റൊരു പ്രത്യേക അർത്ഥം കൂടിയുണ്ട്. ഈ അർത്ഥത്തിൽ അധ്വാനത്തെ ഉത്പാദനപരം എന്നും ഉത്പാദനരഹിതം എന്നും രണ്ടായി തിരിക്കാം. സ്വന്തം തോട്ടത്തിൽ കർഷകൻ അധ്വാനിക്കുമ്പോൾ അതു് ഉത്പാദനപരമാണ്. കായികമത്സരങ്ങളിലേക്കും വ്യായാമത്തിലേക്കും അധ്വാനം തിരിയുമ്പോൾ അതു് ഉത്പാദനരഹിതം എന്ന വിഭാഗത്തിൽ പെടും . ഈ അധ്വാനത്തിനും അതിന്റേതായ പ്രാധാന്യം ഉണ്ട്. ഗാന്ധിജി ഇങ്ങനെ പറയുന്നു : "അധ്വാനിക്കുന്നു എങ്കിൽ എന്തുകൊണ്ടു് അതു് ഉത്പാദനപരം ആയിക്കൂടാ." ഈ നിലയിൽ ഗാന്ധിജി അധ്വാനത്തിലൂടെ ലഭിക്കുന്ന സർവ്വവിധ തൃപ്തിയും അനുഭവിച്ചിരുന്നു.

കഠിനാധ്വാനത്തിൽ തല്പരരായ ജനത ഉള്ള രാജ്യങ്ങൾ വികസനത്തിൽ മുൻപന്തിയിൽ എത്തിയിട്ടുണ്ട്. ലോകമഹായുദ്ധത്തിന്റെ ഭീകരതകൾ ഏറ്റുവാങ്ങിയിട്ടും ജപ്പാൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ കഠിനാധ്വാനത്തിലൂടെ പുനർനിർമ്മിക്കപ്പെട്ടു.

ചുരുക്കത്തിൽ കഠിനാധ്വാനമാണ് ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം എന്നു പറയാം. അതാണു് എന്നും സൃഷ്ടിക്കു് അടിസ്ഥാനം.

*[374 വാക്കുകൾ]*



Downloaded From: http://www.dhyeyaias.com

Downloaded From: http://www.dhyeyaias.com

**Q4. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ഇംഗ്ലീഷിലേക്കു് തർജ്ജമ ചെയ്യുക : 20**

പ്രശസ്ത സ്വാതന്ത്ര്യസമര സേനാനി രാജശ്രീ പുരുഷോത്തമദാസ് തണ്ഡൻ 1919-ൽ അലഹബാദ് മുൻസിപ്പാലിറ്റിയുടെ ചെയർമാൻ ആയി സ്ഥാനമേറ്റു. അദ്ദേഹത്തിനു് ഇതു് പ്രയാസകരമായ ഒരു അവസ്ഥയാണു് ഉണ്ടാക്കിയതു്. ചെയർമാൻ അദ്ദേഹമായിരുന്നു എങ്കിലും ഇംഗ്ലീഷുകാർക്കു് അവിടെ വളരെയേറെ സ്വാധീനം ചെലുത്താൻ കഴിഞ്ഞിരുന്നു. ഒരു സാധാരണ ഇന്ത്യാക്കാരനു് അവരോടൊപ്പം ജോലിചെയ്യാൻ കഴിയാത്ത വിധത്തിൽ നിരവധി പ്രയാസങ്ങൾ അവർ സൃഷ്ടിച്ചിരുന്നു. ചെയർമാനായി ചുമതല ഏറ്റെടുത്തശേഷം അവിടുത്തെ മിലിറ്ററി കന്റോൺമെന്റിലെ ആൾക്കാർ വെള്ളം ഉപയോഗിക്കുന്നു എന്നും അതിനു് അവർ കരം അടയ്ക്കുന്നില്ല എന്നുമുള്ള വസ്തുത അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു. മിലിറ്ററി കന്റോൺമെന്റ് ഓഫീസിലേക്കു് അദ്ദേഹം ഒരു അറിയിപ്പു കൊടുത്തു. അതിൽ ഒരു മാസത്തിനകം ഇംഗ്ലീഷുകാർ കരം അടച്ചില്ലെങ്കിൽ കന്റോൺമെന്റിലേക്കുള്ള ജലവിതരണം നിർത്തും എന്നു് വ്യക്തമാക്കിയിരുന്നു.

ഈ അറിയിപ്പ് കന്റോൺമെന്റിലും സിറ്റിമുഴുവനും പിന്നെ മുൻസിപ്പാലിറ്റിയിലും വലിയ കോളിളക്കങ്ങൾ ഉണ്ടാക്കി. തണ്ഡൻജിയുടെ ശാസനം പ്രാദേശിക പത്രങ്ങൾ വലിയ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. ജലവിതരണം തടയേണ്ട അവസാനദിവസം നിരവധി മിലിറ്ററി ഓഫീസർമാർ മുൻസിപ്പൽ ബോർഡ് ഓഫീസിൽ എത്തി. അതിൽ ഒരു ഉന്നതനായ ഓഫീസർ തണ്ഡൻജിയ്ക്കു് കന്റോൺമെന്റിലേക്കുള്ള ജലവിതരണം തടയാനാവില്ല എന്നു ശഠിച്ചു. അന്നു കരം അടച്ചില്ല എങ്കിൽ കന്റോൺമെന്റിലേക്ക് ജലവിതരണം ഉണ്ടാവില്ല എന്നു് തണ്ഡൻജി ശാന്തമായ സ്വരത്തിൽ മറുപടി പറഞ്ഞു.

ആ ഓഫീസർ കോപത്തോടെ അലറി. എന്നാൽ തണ്ഡൻജി മനസ്ഥൈര്യത്തോടെ ഇരുന്നു. ഒടുവിൽ മിലിറ്ററി ഓഫീസർമാർ മടങ്ങി. മുൻസിപ്പൽ ഓഫീസ് ആകപ്പാടെ ആകാംക്ഷാഭരിതമായിരുന്നു. തണ്ഡൻജിയുടെ അക്ഷോഭ്യതയിലും സ്ഥൈര്യത്തിലും എല്ലാവരും അത്ഭുതപ്പെട്ടു.

അടുത്ത ദിവസം കന്റോൺമെന്റിലെ ഇംഗ്ലീഷ് മിലിറ്ററി ഓഫീസർമാർ കരം അടച്ചു.



Downloaded From: http://www.dhyeyaias.com

Downloaded From: http://www.dhyeyaias.com

**Q5.** **താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മലയാളത്തിലേക്കു് തർജ്ജമ ചെയ്യുക :** *20*

In ancient times in most civilized countries, for example, in Egypt, Iraq, India, China and in the Roman Empire, many great irrigation works were constructed. In very hot countries water is even carried in underground channels to prevent it from being evaporated by the sun's heat. In modern times, great dams have been built across rivers and these are used for more than one purpose, hence they are called multipurpose undertakings. Firstly, such dams help to prevent floods, by controlling the amount of water which rushes down a river in the rainy season. This also prevents an enormous amount of damage and loss to farmers. Secondly, by storing up great quantities of water in the artificial lakes behind the dams, irrigation can be provided for many acres of land in the dry season, so that crops can be grown where none would have grown before. Thirdly, the people in the towns and cities in the neighbourhood can be certain of getting a sufficient supply of water for drinking and other purposes, even in the driest weather. Fourthly, the water stored up behind the dams is made to generate electric power by letting it run through turbines.

**Q6.** **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :**

(a) **തന്നിട്ടുള്ള വാക്യങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക :** *2×5=10*

(i) മഗധ രാജാവായ സാമ്രാട്ട് അശോകൻ ബുദ്ധമതാനുയായി ആയി. 2

(ii) കേരളത്തിലെ ഒരോ ഭവനങ്ങളും വൈദ്യുതീകരിക്കാനുള്ള ശ്രമത്തിൽ ആണു്. 2

(iii) ബോംബു വീണ സ്ഥലത്തു് ഒരു കുഴി രൂപാന്തരപ്പെട്ടു. 2

(iv) പ്രത്യയശാസ്ത്രത്തിന്റെ പേരിൽ പരസ്പരം തമ്മിലടിക്കുന്നതു് കഷ്ടമാണു്. 2

(v) ഏതു ചിന്തയേയും ക്രൂരമുഖം നൽകാൻ മനുഷ്യർക്കു കഴിയും. 2



Downloaded From: http://www.dhyeyaias.com

Downloaded From: http://www.dhyeyaias.com

(b) **അർത്ഥം വ്യക്തമാകുന്ന വിധത്തിൽ വാക്യത്തിൽ പ്രയോഗിക്കുക :** *2×5=10*

(i) ആടിനെ പട്ടിയാക്കുക *2*

(ii) ഭരതവാക്യം ചൊല്ലുക *2*

(iii) ചെണ്ടകൊട്ടിക്കുക *2*

(iv) വെള്ളപൂശുക *2*

(v) ഊടുംപാവും ഇടുക *2*

(c) **സന്ധിപിരിച്ചെഴുതുക :** *2×5=10*

(i) എണ്ണൂറ് *2*

(ii) നിസ്സാരം *2*

(iii) ചെന്താമര *2*

(iv) ചന്ദ്രോദയം *2*

(v) അത്യാർത്തി *2*

(d) **താഴെ കൊടുത്തിട്ടുള്ള പദങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക :** *2×5=10*

(i) വിശ്വസ്ഥത *2*

(ii) അസ്ഥികൂടം *2*

(iii) പ്രവൃത്തിക്കുന്നു *2*

(iv) ഗ്രഹാതുരത *2*

(v) വാത്മീകി *2*



Downloaded From: http://www.dhyeyaias.com